**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3436** **26-06-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മുകുന്ദപുരം താലൂക്കിൽ ആമ്പല്ലൂർ വില്ലേജിൽ വെണ്ടോർ ദേശത്ത് സർവ്വേ 496/2, 497/1 -എന്നിവയിൽപ്പെട്ട പുറമ്പോക്ക നിവാസികളായ 10 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷകളിലെ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മുകുന്ദപുരം താലൂക്കിൽ ആമ്പല്ലൂർ വില്ലേജിലെ 10 കുടുംബങ്ങളിൽ ഒരാൾ മാത്രമാണ് പട്ടയത്തിനായി തഹസിൽദാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയത് പരിശോധിച്ചു വരികയാണ്. ബാക്കിയുള്ളവർക്ക് അപേക്ഷ സമർപ്പിക്കുവാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ